# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 513 | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

## സമാന്തര സ്വർണ്ണ വ്യാപാരം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. രാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സമാന്തര സ്വർണ്ണ വ്യാപാരം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വർണ്ണക്കള്ളക്കടത്തും അതിന്റെ വിപണനവും ഫലപ്രദമായി തടയുന്നതിന് വേണ്ടി ചരക്ക സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നിരന്തരമായി പരിശോധനകളും റെയ്ഡുകളും നടത്തി വരുന്നുണ്ട്. കണക്കിൽ പെടാത്ത സ്വർണാഭരണങ്ങൾ ജ്വവലറിഷോപ്പുകളിൽ എത്തുന്നില്ലായെന്ന ഉറപ്പ് വരുത്തുന്നതിനായി രഹസ്യാന്വേഷണങ്ങൾ നടത്താറുണ്ട്. കൂടാതെ, റയിൽവേസ്റ്റേഷൻ, ബസ് സ്റ്റേഷൻ, ട്രാൻസ്പോർട് ബസ്സുകൾ എന്നിവ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇത്തരം പരിശോധനകളിൽ രേഖകളില്ലാതെ കടത്തിക്കൊണ്ടുവരുന്ന സ്വർണാഭരണങ്ങൾ പലപ്പോഴും പിടികൂടുകയും നിയമപ്രകാരമുള്ള നികുതി, പിഴ എന്നിവ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നാളിതു വരെ, രേഖകളില്ലാതെ കടത്തുവാൻ ശ്രമിച്ച |

| | | | |
|---|---|---|---|
| | | | 140.55 കിലോഗ്രാം സ്വർണം പിടിച്ചെടുത്തിട്ടുള്ളതും ആയതിന്മേലുള്ള നികതി, പിഴ ഇനത്തിൽ 399.51 ലക്ഷം രൂപ സർക്കാർ ഖജനാവിലേക്ക് അടപ്പിച്ചിട്ടുള്ളതുമാണ് . |
| (സി) | വാണിജ്യ നികുതി വകുപ്പിന്റെ രജിസ്ട്രേഷനുള്ള എത്ര സ്വർണ്ണ കടകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിൽ രജിസ്ട്രേഷനുള്ള 5565 സ്വർണ്ണക്കടകൾ പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**